നടപടി കൈക്കൊള്ളുന്നതാണ്. മൂന്നാമത്തെ പരാതിയിൻമേൽ എൻക്വയറി നടത്തി കുറ്റക്കാരെന്നുകണ്ടവരെ ലേണർ റൂമിൽനിന്ന് മാറ്റാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാലാമത്തെ പരാതി വിശദമായ അന്വേഷണം നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ കുറ്റക്കാരെന്ന് കാണുന്നവരുടെ പേരിൽ മേൽനടപടി സ്വീകരിക്കുന്നതാണ്.

വെള്ളകുളം ആദിവാസി ഊരിൽ പട്ടിണിമരണം

114 (163) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോളയൂർ പഞ്ചായത്തിലെ വെള്ളകുളം ആദിവാസി ഊരിൽ പട്ടിണിമരണം ഉണ്ടായിട്ടുണ്ടോ;

(ബി) പട്ടിണിമൂലം മരിച്ചു എന്നാരോപിക്കപ്പെട്ടവരുടെ രോഗം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ രോഗം ഭക്ഷണമില്ലായ്മമൂലം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ടോ;

(ഡി) പട്ടിണിമരണം ഉണ്ടായതായി ആരോപിക്കപ്പെടുന്നവർക്ക് സ്ഥിരതൊഴിലും വരുമാനമാർഗ്ഗവും ഉണ്ടായിരുന്നുവോ;

(ഇ) എങ്കിൽ അതു സംബന്ധിച്ച് വിശദവിവരം നൽകുമോ?

ഉത്തരം

(എ)&(ബി) പട്ടിണിമൂലം മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഏഴുപേർ മരിച്ചതിൽ മൂന്നുപേർ ആസ്ത്മാ രോഗികളായിരുന്നു. ഒരാൾക്ക് കാൻസറും, ഒരാൾക്ക് വാതവും, പനിയും, മറ്റൊരാൾക്ക് നെഞ്ചുവേദനയും ഒരാൾക്ക് പനിയുമായിരുന്നു.

(സി) ഇല്ല.

(ഡി)&(ഇ) ബാധകമല്ല.

വിഴിഞ്ഞം തുറമുഖ വികസന കരാർ

115 (164) ശ്രീ. ജി. കാർത്തികേയൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ യു.ഡി.എഫ്. ഗവൺമെന്റും കുമാർ ഗ്രൂപ്പ് കമ്പനിയും തമ്മിൽ വിഴിഞ്ഞം തുറമുഖ വികസനം സംബന്ധിച്ച് ഒരു കരാർ ഉണ്ടാക്കുവാൻ തീരുമാനിക്കുകയും കരാർ ഉണ്ടാക്കുകയും ചെയ്തിരുന്നോ;

(ബി) എങ്കിൽ ഈ കരാറിൽനിന്ന് ഇപ്പോഴത്തെ ഗവൺമെന്റ് ആദ്യകാലത്ത് പിൻവാങ്ങിയിരുന്നുവോ;

(സി) പിന്നീട് ഈ കമ്പനിയുമായി സംസ്ഥാന ഗവൺമെന്റ് വിഴിഞ്ഞം തുറമുഖവികസനം സംബന്ധിച്ച കരാർ ഉണ്ടാക്കിയോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ മുൻഗവൺമെന്റ് ഉണ്ടാക്കാൻ തീരുമാനിച്ച കരാറും ഇപ്പോഴത്തെ കരാറും തമ്മിലുള്ള വ്യത്യാസമെന്താണന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചെയ്തിരുന്നു.

(ബി) ഇത് സംബന്ധിച്ച് ചർച്ച നടത്തുന്നതിനുവേണ്ടി മാറ്റിവെച്ചിരുന്നു.

(സി) ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) മുൻഗവൺമെന്റ് ധാരണാപത്രവും ഈ ഗവൺമെന്റ് ബി.ഒ.ടി. എഗ്രിമെന്റ് ഒപ്പുവെയ്ക്കുകയും ചെയ്തിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖവികസനം

116 (165) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിനുള്ള കരാർ നൽകിയത് ഏത് കമ്പനിക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ബിൽഡ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ സിസ്റ്റമനുസരിച്ചാണോ ഈ തുറമുഖവികസനം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ എത്രവർഷം കഴിഞ്ഞാണ് തുറമുഖം തിരിച്ചേൽപ്പിക്കുന്നത്;

(ഡി) ഈ കാലയളവിനുള്ളിൽ നിർദ്ദിഷ്ട തുകയുടെ മുതൽമുടക്ക് നടത്താത്തപക്ഷം അതിനുള്ള പരിഹാരം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം സംബന്ധിച്ച കരാറിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

(എ) സെക്കന്തരാബാദിലെ കുമാർസ് എനർജി കോർപ്പറേഷൻ എന്ന കമ്പനിക്കാണ്.

(ബി) ആണ്.

(സി) 30 വർഷത്തേയ്ക്കോ, മുതൽമുടക്കും, ഇന്റേണൽ റേറ്റ് ഓഫ് റിട്ടേണും തിരിച്ച് കിട്ടുന്നതുവരേയ്ക്കുമോ ആണ് ബി.ഒ.ടി. കാലാവധി.

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ കമ്പനി എന്തെങ്കിലും വീഴ്ചവരുത്തിയാൽ കരാർ റദ്ദാക്കാൻ വ്യവസ്ഥയുണ്ട്.

(ഇ) ബി.ഒ.ടി. കരാറിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.†

അടിമലത്തുറയിൽ പുതിയ തുറമുഖം നിർമ്മിക്കുന്നതിനുള്ള പദ്ധതി

117 (166) ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly